# Telephonic conversation between Prime Minister and President of Sri Lanka and Prime Minister of Sri Lanka

September 17, 2020

---

## പ്രധാനമന്ത്രിയും ശ്രീലങ്കയുടെ പ്രസിഡണ്ട്, പ്രധാനമന്ത്രി എന്നിവരുമായുള്ള ടെലിഫോൺ സംഭാഷണം

സെപ്റ്റംബർ 17, 2020

ശ്രീലങ്കൻ പ്രസിഡന്റായ ശ്രീ. ഗോതബയ രാജപക്സെയും, പ്രധാനമന്ത്രി ശ്രീ. മഹിന്ദ രാജപക്സെയും എന്ന് പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയെ ഫോണിൽ ബന്ധപ്പെടുകയും അദ്ദേഹത്തിന്റെ ജന്മദിനത്തോടനുബന്ധിച്ചു ഊഷ്മളമായ ആശംസകൾ അറിയിക്കുകയും ചെയ്തു.

അയൽ രാജ്യങ്ങൾ തമ്മിലുള്ള ബന്ധം കൂടുതൽ ശക്തിപ്പെടുത്തണമെന്നുള്ള ആഗ്രഹവും പ്രതിബദ്ധതയും രണ്ടു ശ്രീലങ്കൻ നേതാക്കളും പങ്കു വച്ചു. കോവിഡ് പകർച്ചവ്യാധിയോടുള്ള സഹകരണാടിസ്ഥാനത്തിലുള്ള പോരാട്ടം ഉൾപ്പടെ തുടർന്നു വരുന്ന ഉഭയകക്ഷി സഹകരണത്തിന് അവർ അഭിനന്ദനം അറിയിച്ചു.

ഇരു നേതാക്കളുടെയും ആശംസകൾക്ക് പ്രധാനമന്ത്രി നന്ദി പറഞ്ഞു കൂടാതെ ഇന്ത്യയുടെ അയൽ രാജ്യങ്ങൾക്ക് മുൻഗണന നൽകുന്ന നയങ്ങൾക്ക് അനുസൃതമായി ഇരു രാജ്യങ്ങളും തമ്മിലുള്ള സഹകരണം കൂടുതൽ വികസിപ്പിക്കുന്നതിനായി പ്രതീക്ഷിക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു.

**ന്യൂ ഡൽഹി**

**17 സെപ്റ്റംബർ , 2020**

DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.